"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രിമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി 8 5 മേട്രൻ-കം-റസിഡന്റ് ട്യൂട്ടർമാരെ (MCRT) കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് - അനുമതി നൽകി ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.825/2023/SCSTD തീയതി,തിരുവനന്തപുരം, 22-06-2023

---

പരാമർശം:-
1. സ.ഉ.(പി) നം. 28/2016/ധന തീയതി 26/02/2016.
2. സ.ഉ.(പി) നം. 56/2017/ധന തീയതി 28/04/2017.
3. സ.ഉ.(പി) നം. 112/2018/ധന തീയതി 21/07/2018.
4 സ.ഉ.(പി) നം. 81/2019/ധന തീയതി 09/07/2019.
5 സ.ഉ.(പി) നം. 29/2021/ധന തീയതി 11/02/2021.
6 സ.ഉ.(സാധാ) നം. 677/2022/പജപവവിവ തീയതി 20/06/2022
7 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 02/05/2023, 18/05/2023 എന്നീ തീയതിയിലെ SCDD-2610/2022-C3(EDN -C) നമ്പർ കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് മേട്രൻ കം റസിഡന്റ് ട്യൂട്ടർ മാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (6) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2023-2024 അദ്ധ്യയന വർഷത്തിൽ വകുപ്പിനു കീഴിലുള്ള **85** പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി, ബിരുദവും, ബി.എഡ് യോഗ്യതയുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും 85 മേട്രൻ -കം-റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (7) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. അതോടൊപ്പം മേട്രൻ -കം-റസിഡന്റ് ട്യൂട്ടർമാരെ 2023 ജൂൺ മാസം മുതൽ 2024 മാർച്ച് മാസം വരെയുള്ള കാലയളവിലേയ്ക്ക് പ്രതിമാസം 12,000/- രൂപ വേതന വ്യവസ്ഥയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 1,02,00,000/- രൂപയുടെ (ഒരു കോടി രണ്ട് ലക്ഷം രൂപ മാത്രം) ചെലവ് വരുമെന്നും പ്രസ്തുത തുക നടപ്പ സാമ്പത്തികവർഷത്തെ 2225-01-277-57-34 (പ്ലാൻ) Assistance for education of SC students എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതുമാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 അദ്ധ്യയന വർഷത്തിൽ

വകുപ്പിന് കീഴിലുള്ള **85** പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി, ബിരുദവും, ബി.എഡ് യോഗ്യതയുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും **85** മേട്രൻ -കം-റസിഡന്റ് ട്യൂട്ടർമാരെ, പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, ഇപ്രകാരം നിയമിക്കപ്പെടുന്നവർ സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശം ഉന്നയിക്കുകയില്ലെന്നും, നിയമന കാലയളവുകൾ സർക്കാർ നിഷ്കർഷിക്കുന്ന കാലയളവുകളിലായി പരിമിതപ്പെടുത്തുന്നതിനുള്ള സർവീസ് ബ്രേയ്ക്കുകൾ നൽകണമെന്നും, സർക്കാർ ഉത്തരവുകൾക്കനുസൃതമായേ നിയമനം നടത്താവൂ എന്നീ നിബന്ധനകൾക്കും വിധേയമായി, 2023 ജൂൺ മാസം മുതൽ 2024 മാർച്ച് മാസം വരെയുള്ള **10** മാസ കാലയളവിലേയ്ക്ക് 12,000/- രൂപ പ്രതിമാസ വേതന വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇതിലേയ്ക്കാവശ്യമായ 1,02,00,000/- രൂപ (ഒരു കോടി രണ്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തികവർഷത്തെ 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ചീഫ്, വികേന്ദ്രീകൃത വിഭാഗം, പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03/06/2023 ലെ ww-ww3/127/2020-FIN പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (19/06/2023 ലെ PLGEA-A2/125/2023-PLGEA പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്.